**നടപടി ക്രമങ്ങൾ**

**ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം**

**(ഹാജർ: ബ്രിഗേഡിയർ പി.കെ സുനിൽകുമാർ)**

എൻ.സി.സി ജീവനക്കാര്യം - ഫുൾ ടൈം സ്വീപ്പർ നിയമനം/സ്ഥലംമാറ്റം എന്നിവ താൽക്കാലിക ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

നമ്പർ. 275/എ2-II/എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം : 23 മാർച്ച് 2022

---

സൂചന: (1) എൻ.സി.സി ഡയറക്ടറേറ്റിന്റെ 08/02/2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

(2) എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 21.02.2022 തീയതിയിലെ 822/01/എസ്റ്റാ/834 നമ്പർ കത്ത്.

(3) തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 22/02/2022 തീയതിയിലെ ഇ3/2653/ഗ്രൂപ്പ് എച്ച.ക്യൂ/എൻ.സി.സി നമ്പർ കത്ത്.

(4) എൻ.സി.സി ഡയറക്ടറേറ്റിലെ എ4-എസ്റ്റാ- ൽ നിന്നും ലഭിച്ച 25.02.2022 തീയതിയിലെ ഐ.ഒ.എൻ.

(5) കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 14.03.2022 തീയതിയിലെ 154/2/എസ്റ്റാ-3/ഗ്രൂപ്പ് എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്.**

1. 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി-യിൽ എഫ്.റ്റി.എസ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ബാബു പി.ജെ 28.02.2022 തീയതിയിൽ വിരമിച്ചതു കാരണം നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്തുന്നതിനും, സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന എഫ്.റ്റി.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനും സൂചന 1 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. സൂചന 4,5 എന്നിവ പ്രകാരം ശ്രീ. സുനിൽകുമാർ കെ, എഫ്.റ്റി.എസ്, എൻ.സി.സി ഡയറക്ടറേറ്റ്, തിരുവനന്തപുരം, ശ്രീ. രാജേഷ് രാജേന്ദ്രൻ, എഫ്.റ്റി.എസ് 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് എന്നിവർ സ്ഥലം മാറ്റത്തിനായും സൂചന 2,3 എന്നിവ പ്രകാരം ശ്രീ. റോബർട്ട് പി.സി, പി.റ്റി.എസ് 21 കേരള ബറ്റാലിയൻ എൻ.സി.സി എറണാകുളം, ശ്രീ. വിമൽരാജ് എ, പി.റ്റി.എസ് 1 കേരള ബറ്റാലിയൻ എൻ.സി.സി വർക്കല എന്നിവർ സ്ഥാനക്കയറ്റത്തിനായും അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ജീവനക്കാരെ നിലവിലുള്ള എഫ്.റ്റി.എസ് ഒഴിവുകളിലേക്ക് സ്ഥലം മാറ്റം നല്കി ഇതിനാൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക | നിലവിലെ കാര്യാലയം | സ്ഥലം മാറ്റം വഴി നിയമിക്കപ്പെടുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.രാജേഷ് രാജേന്ദ്രൻ (PEN-736992) FTS | 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് | 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി എറണാകുളം | |
| 2. | ശ്രീ. സുനിൽകുമാർ കെ (PEN-868274) FTS | എൻ.സി.സി ഡയറക്ടറേറ്റ് (കെ&എൽ) സംസ്ഥാന വിഭാഗം തിരുവനന്തപുരം | 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് | |

4. ശ്രീ. സുനിൽകുമാർ കെ, എഫ്.റ്റി.എസ്-ന്റെ സ്ഥലംമാറ്റം വഴി എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരത്ത് നിലവിൽ വരുന്ന ഒഴിവിലേക്ക് സ്ഥാനക്കയറ്റം വഴി എഫ്.റ്റി.എസ് ആകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്ന പി.റ്റി.എസ് തസ്തികയിലെ ജീവനക്കാരിൽ സീനിയർ ആയ, 21 കേരള ബറ്റാലിയൻ എൻ.സി.സി എറണാകുളത്ത് പി.റ്റി.എസ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. റോബർട്ട് പി.സി-യെ സ്ഥാനക്കയറ്റം നൽകി 23000-50200/- രൂപ ശമ്പള നിരക്കിൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ ഈ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഓഫീസ് മേധാവികൾ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്. ഈ ഉത്തരവുമായി ബന്ധപ്പെട്ട പരാതികൾ 2022 ഏപ്രിൽ 15 നു മുമ്പ് ഈ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു ശേഷം വരുന്ന പരാതികൾ യതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പരാതികൾ വേഗം ലഭ്യമാക്കുന്നതിനായി nccjsest@gmail.com എന്ന വിലാസത്തിൽ e-mail ചെയ്യാവുന്നതാണ്.

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

ഒപ്പ്/-

ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ് :

എല്ലാ യൂണിറ്റുകൾക്കും, - (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

ഐ.ടി സെക്ഷൻ
(വെബ്സൈറ്റിലേക്ക്)

അംഗീകാരത്തിനായി

ASHOK KUMAR
PEN : 385270
Administrative Assistant
NCC Directorate (K&L)
Thiruvananthapuram - 10